LIBRARY ARCHIVES Kerala Legislative Assembly

വെള്ളായണി കായലിലെ ശുദ്ധജലവിതരണ പദ്ധതി

81 [244] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായലിലെ വെള്ളം സ്രോതസ്സായി സ്വീകരിച്ചുകൊണ്ട് ഒരു ബൃഹത് ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് എന്തൊക്കെ പഠനങ്ങളും തുടർനടപടികളുമാണ് ഇതേവരെ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിഴിഞ്ഞം പഞ്ചായത്തിലെ തീരദേശ മേഖലയ്ക്കുവേണ്ടി ഫിഷറീസ്/ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ സഹകരണത്തോടുകൂടി 105 ലക്ഷം രൂപയുടെ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ കോവളം ടൂറിസം മേഖലയ്ക്കു വേണ്ടി 2,200 ലക്ഷം രൂപയുടെ ഒരു പ്രാഥമിക വിവര റിപ്പോർട്ട് ടൂറിസം വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) കോവളം ടൂറിസം മേഖലയുടെ ശുദ്ധജല വിപുലീകരണ പദ്ധതിയുടെ പ്രാരംഭ പ്രോജക്ട് റിപ്പോർട്ട് ടൂറിസം വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ശാസ്താംകോട്ട ശുദ്ധജലതടാക സംരക്ഷണ പദ്ധതി

82 [245] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട ശുദ്ധജല തടാകം സംരക്ഷിക്കുന്നത് സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ;

(ബി) തടാകം സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തടാക സംരക്ഷണത്തിനുള്ള പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഹർജികളിൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(ഡി) തടാക സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന് എന്തൊക്കെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) തടാക സംരക്ഷണത്തിന് സമയബന്ധിതമായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?